**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 611 29.10.2019-ലെ മറുപടിയ്ക്ക്

## സ്കൂളുകളിലെ നീന്തൽ പഠനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.രാജു എബ്രഹാം** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്തെ സ്കൂളുകളിൽ പഠന പദ്ധതിയുടെ ഭാഗമായി നീന്തൽ പഠനം ഉൾപ്പെടുത്തിയ സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് നീന്തൽ പഠനത്തിനായി എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കുന്നതെന്ന് അറിയിക്കുമോ; | (എ) & (ബി) | 12 വയസ്സു മുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്ന പദ്ധതിയാണ് സ്പ്ലാഷ്. പരിശീലന സമയത്ത് നീന്തലിൽ പ്രതിഭ തെളിയിക്കുന്ന കുട്ടികളെ ദേശീയ/അന്തർദേശീയ തലത്തിലുള്ള താരങ്ങളാക്കുന്നതിന് വിഭാവനം ചെയ്ത് ഉയർന്ന നിലവാരത്തിലുള്ള നീന്തൽ പരിശീലനം നൽകുന്ന പദ്ധതിയാണ്. ഇത് ആദ്യഘട്ടമെന്ന നിലയിൽ പാലക്കാട് (കൊപ്പം സ്വിമ്മിംഗ്പൂൾ പട്ടാമ്പി), ഇടുക്കി (വണ്ടമറ്റം സ്വിമ്മിംഗ് പൂൾ, തൊടുപുഴ), തൃശ്ശൂർ (ജെ.ജെ. അക്വാട്ടിക് സെന്റർ, കൊടുങ്ങല്ലൂർ), കാസർഗോഡ് (പനവയൽ സ്വിമ്മിംഗ് പൂൾ, തൃക്കരിപ്പൂർ), വയനാട് (സെന്റ് ജോസഫ് എച്ച്.എസ്.എസ്. സ്വിമ്മിംഗ് പൂൾ, സുൽത്താൻബത്തേരി എന്നിവിടങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്<br>കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നീന്തൽ കായികയിനത്തിൽ സ്കൂൾ കുട്ടികൾക്ക് സമ്മർ ക്യാമ്പും ജില്ലാ സ്പോർട്സ് അക്കാദമിയിലെ വിദ്യാർത്ഥികൾക്ക് വിദഗ്ദ്ധരായ പരിശീലകരുടെ കീഴിൽ നീന്തൽ പരിശീലനവും നൽകി വരുന്നുണ്ട്. വിദ്യാർത്ഥികളിൽ നീന്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ പരിശീലകർ നീന്തൽ |
| (ബി) | ഇതിനായി പ്രത്യേക പദ്ധതി നടപ്പാക്കുന്നുണ്ടോ; ആദ്യ ഘട്ടത്തിൽ ഏതൊക്കെ ജില്ലകളിലെ സ്കൂളുകളിലാണ് പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | പ്രാവീണ്യം സാക്ഷ്യപ്പെടുത്തുന്ന കുട്ടികൾക്ക് പ്ലസ് വൺ, കോളേജ് അഡ്മിഷന് 2% ഇന്റക്സ് മാർക്ക് അതാത് ജില്ലാ സ്പോർട്സ് കൗൺസിലുകൾ മുഖേന അനുവദിച്ചു വരുന്നുണ്ട്.<br>ഒരു നിയമസഭാ മണ്ഡലത്തിൽ ഒരു കളിക്കളം എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട് നീന്തൽ പഠനം കരിക്കുലം പരിഷ്കരിക്കുമ്പോൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം എസ്.സി.ഇ.ആർ.ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**